# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3488 | 20.06.2018 ൽ മറുപടിക്ക്

## പോലീസിന്റെ കാര്യക്ഷമത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസിന്റെ അതിക്രമം വർദ്ധിക്കുന്നതും നിരപരാധികളായ ജനങ്ങൾ പോലീസ് മർദ്ദനത്തിൽ മരിക്കുന്നതും ഗുരുതരമായി പരിക്കേൽക്കുന്നതുമായ സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;<br>(ബി) ഈ സർക്കാർ കാലയളവിൽ ഏതൊക്കെ സംഭവങ്ങളിൽ പോലീസിന് വീഴ്ച സംഭവിച്ചുവെന്ന് ആഭ്യന്തര വകുപ്പ് വിലയിരുത്തിയിട്ടുണ്ട് ;വ്യക്തമാക്കാമോ; | എ) & (ബി) പരിഗണിച്ചിട്ടുണ്ട്. പോലീസ് അതിക്രമവും പോലീസ് മർദ്ദനവും മൂലം മരിക്കുന്നതോ ഗുരുതരമായി പരിക്കേൽക്കുന്നതോ ആയ സാഹചര്യം നിലനിൽക്കുന്നില്ല. ചില ഒറ്റപ്പെട്ട സംഭവങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നിയമ പ്രകാരവും വകുപ്പുതലത്തിലും കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പോലീസിനെ രാഷ്ട്രീയവൽക്കരിച്ചതും, സമർത്ഥരായ പോലീസുദ്യോഗസ്ഥരെ ലോ & amp; ഓർഡർ വിഭാഗത്തിൽ നിന്നും പോലീസുമായി യാതൊരു ബന്ധവുമില്ലാത്ത യൂണിറ്റുകളിലേക്ക് സ്ഥലം മാറ്റിയതും, പോലീസിന്റെ കാര്യക്ഷമതയ്ക്ക് കോട്ടം വരുത്തിയതായി വിലയിരുത്തുന്നുണ്ടോ; | (സി) പോലീസിൽ രാഷ്ട്രീയവൽക്കരണം ഉണ്ടായിട്ടില്ല. സമർത്ഥരായ ഉദ്യോഗസ്ഥൻമാരാണ് ലോ & ഓർഡർ ചുമതലയിൽ ഉള്ളത്. സംസ്ഥാന പോലീസ് സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. പോലീസ് സേനയിൽ കാലാകാലങ്ങളിൽ നടക്കുന്ന സ്ഥലം മാറ്റം മൂലം കാര്യക്ഷമതയ്ക്ക് കോട്ടം വന്നതായി വിലയിരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ പുനർചിന്തനം നടത്തി സേനയെ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്ത് പോലീസ് സേന കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള സർക്കാർ നടപടി പോലീസിന്റെ കാര്യക്ഷമതയ്ക്ക് ആഘാതം ഉണ്ടാക്കിയിട്ടില്ല. മാത്രമല്ല മുമ്പെന്നത്തെക്കാളും പോലീസ് നിഷ്പക്ഷവും കാര്യക്ഷമവുമായാണ് പ്രവർത്തിക്കുന്നത് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ